**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2232** **27-10-2026-ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ പോലീസ് സ്റ്റേഷൻ നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. കെ. അക്ബർ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ഗുരുവായൂർ പോലീസ് സ്റ്റേഷനു വേണ്ടി സ്ഥലം ലഭ്യമായിട്ടുണ്ടോ; സ്ഥലം ലഭ്യമാക്കാൻ സ്വീകരിച്ച സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**മറുപടി:** ഗുരുവായൂർ പോലീസ് സ്റ്റേഷന് നിലവിൽ സ്ഥലം ലഭ്യമായിട്ടില്ല. കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ ആളൂർ വില്ലേജിൽ സർവേ നമ്പർ 240/1-ൽ ഉൾപ്പെട്ടതും പുറമ്പോക്കായി രേഖപ്പെടുത്തിയിട്ടുള്ളതുമായ 25 സെന്റ് ഭൂമിയിൽ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാൻ ജില്ലാ കളക്ടർ ശിപാർശ ചെയ്തിരുന്നു. എന്നാൽ, പ്രസ്തുത ഭൂമി സമീപത്തെ സ്കൂളിന്റെ കളി സ്ഥലമാണെന്ന് അവകാശപ്പെട്ട് സമർപ്പിച്ച റിട്ട് ഹർജികൾ ബഹു ഹൈക്കോടതിയുടെ പരിഗണനയിലാണ്. അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനുള്ള ചുമതല തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ കീഴിലുള്ള അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ് (ASP), ഗുരുവായൂർ അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് (ACP) എന്നിവരെ ഏൽപ്പിച്ചിട്ടുണ്ട്.

**(ബി)** ഗുരുവായൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ പോലീസ് സ്റ്റേഷന് വേണ്ടി ആരെങ്കിലും ഇരുപത് സെന്റ് സ്ഥലം സൗജന്യമായി നല്കാമെന്ന് അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** തൊഴിയൂരിലുള്ള ഇസ്ലാമിക് കൾച്ചറൽ അസോസിയേഷന്റെ (ICA) ഉടമസ്ഥതയിലുള്ള ചാവക്കാട് താലൂക്കിലെ പൂക്കോട് അംശം ദേശത്ത്, പൂക്കോട് വില്ലേജിലെ സർവേ നമ്പർ 26/2, 26/3 എന്നിവയിൽ ഉൾപ്പെട്ട 20 സെന്റ് ഭൂമി ഗുരുവായൂർ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാരിന് സൗജന്യമായി വിട്ടുനൽകാൻ സന്നദ്ധമാണെന്ന് അറിയിച്ച് ICA സമ്മതപത്രം നൽകിയിരുന്നു.

**(സി)** പ്രസ്തുത പോലീസ് സ്റ്റേഷന് വേണ്ടി സൗജന്യമായി ലഭിച്ച സ്ഥലം ഏറ്റെടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

**മറുപടി:** ഗുരുവായൂർ പോലീസ് സ്റ്റേഷന്റെ അധികാരപരിധിയിലെ വിവിധ പ്രദേശങ്ങളിൽ വേഗത്തിൽ എത്തിച്ചേരുന്നതിന് ICA കോളേജ് ഭൂമിയേക്കാൾ സൗകര്യപ്രദമാണ് പോലീസ് വകുപ്പ് നിർദേശിച്ച കണ്ടാണശ്ശേരി പഞ്ചായത്തിലെ മറ്റം എന്ന സ്ഥലം എന്നതിനാൽ, പ്രസ്തുത ICA ഭൂമി പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചത്.

സെക്ഷൻ ഓഫീസർ